

# ആളൂർ സെന്റ് ജോസഫ്സ് ഇടവക

ആളൂർ ഗ്രാമത്തിന്റെ മധ്യഭാഗത്ത് ഉയർന്നു നില്ക്കുന്നതാണ് സെന്റ് ജോസഫ്സ് ഇടവക. തൃശ്ശൂർ വികാരിയാത്തിന്റെ ഭരണപരിധിയിലായിരുന്ന ചാലക്കുടി സെന്റ് മേരീസ് ഇടവകയിൽ നിന്നാണ് വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ദേവാലയം ആളൂരിൽ സ്ഥാപിതമായത്. മൈലുകൾ താണ്ടി ദിവ്യബലിയർപ്പണത്തിനായി ചാലക്കുടിയിലും (ഇരിങ്ങാലക്കുടയിലും) പോയിരുന്ന വിശ്വാസികളുടെ ചിരകാല സ്വപ്നമാണ് ഓലഷെഡ്ഡിൽ അർപ്പിച്ച ദിവ്യബലിയിലൂടെ അന്ന് സാക്ഷാത്ക്കരിക്കപ്പെട്ടത്. 100 കുടുംബങ്ങളും 500-ഓളം വിശ്വാസികളും ഈ ദേവാലയത്തിൻ കീഴിൽ ഉണ്ടായിരുന്നു.

## പള്ളിപണി

1858-ൽ ഈ പ്രദേശത്തെ ഉദാരമനസ്കരായ വിശ്വാസികളിൽ നിന്ന് സംഭാവനയായി ലഭിച്ച സ്ഥലത്ത് പിന്നീട് 1872-ൽ ദേവാലയം പണിതു. ക്രമേണ വൈദികമന്ദിരം നിർമ്മിച്ചു. പുതിയ പള്ളിയുടെ ആശീർവാദകർമ്മം അന്നത്തെ തൃശ്ശൂർ രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. അഡോൾഫ് മെഡ്‌ലിക്കോട്ട് തിരുമേനിയാണ് (1893) നിർവ്വഹിച്ചത്. റവ. ഫാ. വർഗ്ഗീസ് അറയ്ക്കൽ (കാക്കത്തിരുത്തി) ഇടവകയുടെ പ്രഥമവികാരിയായി നിയമിതനായി. ഇടവക ഏറെ വളർന്നു. 1952-ൽ റവ. ഫാ. ജേക്കബ് ചൊവ്വല്ലൂരിന്റെ നേതൃത്വത്തിൽ കിഴക്കോട്ടു നീട്ടി ഒരു ഹാൾ പണിതുയർത്തുകയും അതോടൊപ്പം പള്ളിയുടെ അൾത്താര പുതുക്കിപ്പണിയുകയും ചെയ്തു.

## ദേവാലയപുനർനിർമ്മാണം

റവ. ഫാ. ജോൺ വാഴപ്പിള്ളി (Jr) യുടെ നേതൃത്വത്തിൽ പഴയ പള്ളിയുടെ പ്രധാനഹാളും (ഹൈക്കല) തുറസ്സായ നടപ്പുരയും പൊളിച്ചുമാറ്റി ആധുനിക രീതിയിലുള്ള വിശാലവും മനോഹരവുമായ ദേവാലയവും മണിമാളികയും നിർമ്മിച്ചു. നവീകരിച്ച ദേവാലയത്തിന്റെ ആശീർവാദകർമ്മം 1984 ജനുവരി 22-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. ഡോ. ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. കൂടാതെ ആളൂർ ഈസ്റ്റിൽ കുരിശുപള്ളി സ്ഥാപിതമായി. 1992-ൽ വികാരി റവ. ഫാ. ജോസ് പഴയാറ്റിലിന്റെ നേതൃത്വത്തിൽ പള്ളിയുടെ മുഖവാരം നിർമ്മിച്ചു.

പിന്നീട് ആളൂർ പള്ളിയുടെ മുൻവശത്ത് ബലവത്തായ മതിൽ പണിയുകയും 2001-ൽ പള്ളിവളപ്പിലെ പാത ടാറിടുകയും ചെയ്തു. ഇക്കാലത്താണ് പൊരുന്നൻകുന്ന് ഭാഗത്ത് കർത്താവിന്റെ തിരുഹൃദയത്തിന്റെ നാമധേയത്തിൽ മനോഹരമായ ഒരു കപ്പേള പണി കഴിപ്പിച്ചത്.

2007 ജനുവരി 31 ന് വികാരിയായി നിയമിതനായ റവ. ഫാ. വർഗ്ഗീസ് പാലത്തിങ്കലിന്റെ നേതൃത്വത്തിൽ പള്ളിയുടെയും വൈദിക മന്ദിരത്തിന്റെയും ഇടവക കാര്യാലയത്തിന്റെയും പുനർനിർമ്മാണ പ്രവർത്തനങ്ങൾ 2008-ൽ നടത്തി. ഒക്ടോബർ 5-ന് അഭിവന്ദ്യ പിതാവ് വെഞ്ചരിച്ചു.

## കോൺവെന്റ്, സ്ക്കൂൾ



സി.എച്ച്. എഫ്. സെന്റ് സേവ്യർ കോൺവെന്റ്

1932-ൽ പള്ളിയോടു ചേർന്ന് ഒരു മഠം - സെന്റ് സേവ്യേഴ്സ് കോൺവെന്റ്-സ്ഥാപിതമായി. 'കുടുംബ പ്രേഷിതത്വം' കാരിസമാക്കിയിരിക്കുന്ന തിരുക്കുടുംബ സന്യാസിനികളാണ് ആളൂർ ഇടവകയിലേക്ക് കടന്നു വന്നത്.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ശക്തിയും തിരിച്ചറിഞ്ഞ ഇടവകജനം നാനാജാതി മതസ്ഥരായ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനായി 1894-ൽ സെന്റ് ജോൺ ബർക്കുമെൻസിന്റെ നാമധേയത്തിൽ ഒരു പ്രൈമറി വിദ്യാലയം ആരംഭിച്ചു. 1934-ൽ ഈ സ്ക്കൂളിന്റെഉടമസ്ഥതയുംനിയന്ത്രണാവകാശവുംതിരുക്കുടുംബ സന്യാസിനീ സഭയ്ക്ക് കൈമാറി. പള്ളിയിൽ നിന്ന് ഏകദേശം 2 കി.മി. അകലെ 1964-ൽ സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളും, 1965-ൽ ഇതോനുബന്ധിച്ച് കോൺവെന്റും സ്ഥാപിതമായി. ഹൈസ്ക്കൂളും ഹയർ സെക്കന്ററിയുമായി സ്ക്കൂൾ ക്രമേണ വളർന്നു.



സെന്റ് ജോൺ ബെർക്കുമെൻസ് എൽ.പി. സ്ക്കൂൾ



സെന്റ് ജോസഫ്സ് സി.എച്ച്. എഫ്. കോൺവെന്റ്



സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ

## പാരിഷ് ഹാൾ

ഇടവകാംഗങ്ങൾക്കും ഇതര മതസ്ഥർക്കും ഉപകാരപ്രദമായ ഒരു പാരിഷ് ഹാൾ പണിയുന്നതിന് വികാരി റവ. ഫാ. ജോസ് പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ 2000 ഏപ്രിൽ മാസത്തിൽ ശ്രമങ്ങൾ ആരംഭിച്ചു. റവ. ഫാ. പോൾ സി. അമ്പൂക്കൻ വികാരിയായിരുന്ന കാലത്ത് പൂർത്തിയായ പാരിഷ് ഹാൾ മാർ ജെയിംസ് പഴയാറ്റിൽ തിരുമനസ്സുകൊണ്ട് ആശീർവ്വദിച്ച് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു.



പാരിഷ് ഹാൾ

ഇടവകയാകുന്ന കുടുംബത്തിന്റെ സമഗ്ര വിവരങ്ങൾ ഇടവകാംഗങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ "ജീവസ്വരം" എന്ന പാരിഷ് ബുള്ളറ്റിൻ പുറത്തിറക്കി.

## സെന്റ് മേരീസ് പള്ളി, കപ്പേളകൾ

ആളൂർ-പോട്ട റോഡരികിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിൽ 1985-ൽ സ്ഥാപിതമായ കുരിശുപള്ളി പിന്നീട് വിസ്തൃതമാക്കി പുതുക്കിപ്പണിത് ആശീർവ്വദിച്ചു. ആളൂർ റെയിൽവെ ഗെയ്റ്റിനടുത്ത് വി. ഫ്രാൻസിസ് സേവ്യറിന്റെ നാമധേയത്തിലുള്ള കപ്പേളയും, കിഴക്കുമുറിയിൽ സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് കപ്പേളയും പൊരുന്നൻകുന്നിലെ തിരുഹൃദയ കപ്പേളയും ഇടവകയുടെ ആത്മീയ ചൈതന്യത്തിന് ശക്തിയും പ്രചോദവും നല്കുന്നു.


സെന്റ് മേരീസ് കുരിശുപള്ളി

ആളൂർ സെന്ററിൽ സ്ഥിതിചെയ്യുന്ന സെന്റ് ആന്റണീസ് കപ്പേളയും പുലിപ്പാറക്കുന്നിലെ ക്രോസ് ലാന്റ്, വെള്ളാഞ്ചിറ റെയിൽവെ ഗെയ്റ്റിനടുത്തുള്ള വി. സെബസ്ത്യാനോസിന്റെ കപ്പേള എന്നിവയും അവിഭക്ത ആളൂർ ഇടവകയുടെ കീഴിലുണ്ടായിരുന്നവയാണ്.


സെന്റ് മേരീസ് കപ്പേള


സെന്റ് സേവ്യർ കപ്പേള


തിരുഹൃദയ കപ്പേള

## സാമൂഹ്യ പ്രതിബദ്ധത

ആളൂർ സെന്ററിൽ 1947 ആഗസ്റ്റ് 15-ന് പള്ളിവക ഒരു ഏക്കർ സ്ഥലവും, അതിൽ പണികഴിപ്പിച്ച ഒരു കെട്ടിടവും, മാതൃശിശുസംരക്ഷണകേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി 'സ്വാതന്ത്ര്യദിന സ്മാരകമന്ദിരം' എന്നു നാമകരണം ചെയ്ത് ആളൂർ സെന്റ് ജോസഫ്സ് പള്ളി സർക്കാരിനു കൈമാറുകയുണ്ടായി. പ്രസ്തുത സ്ഥാപനം ഇന്ന് ഗവണ്മെന്റ് 'പ്രൈമറി ഹെൽത്ത് സെന്റർ' എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, സർക്കാർ മൃഗാശുപത്രിക്കുവേണ്ട 5 സെന്റ് സ്ഥലവും പള്ളി ദാനമായി നല്കിയിട്ടുള്ളതാണ്.

ആളൂർ ജംഗ്ഷനിൽ സ്ഥാപിതമായിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ് ഇടവകയുടെ മുതൽക്കൂട്ടാണ്. ഇ.എസ്.ഐ. ആശുപത്രി പ്രവർത്തിക്കുന്നത് പള്ളിയുടെ കെട്ടിടത്തിലാണ്. ആളൂർ-മാള റോഡ് ജംഗ്ഷനിലും, സെന്റ് സേവ്യേഴ്സ് കപ്പേള ജംഗ്ഷനിലും ഉള്ള പൊതു വെയ്റ്റിംഗ് ഷെഡ്ഡുകൾ ഇടവകയിലെ യുവജനസംഘടനകളുടെ നിസ്വാർത്ഥ സേവനത്തിന്റെ ഫലമാണ്. 1942 മുതൽ ബഹു. ആന്റണി പുല്ലോക്കാരനച്ചൻ നടത്തിയിരുന്ന ഹൈസ്ക്കൂൾ (R.M.H.S.) പിന്നീട് സ്റ്റാഫ് മാനേജ്മെന്റിന് അദ്ദേഹം കൈമാറി. 1998-ൽ ഇത് ഹയർ സെക്കന്ററിയായി ത്തീർന്നു.


പഴയ പള്ളി